# ലൈഫ്സെല്ലിന് എൻ എ ബി എൽ അക്രഡിറ്റേഷൻ

കൊച്ചി: ലൈഫ് സെൽ ഇന്റർനാഷണലിന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ആന്റ് കാലിബ്രേഷൻ ലാബറട്ടറിസിന്റെ (എൻഎബിഎൽ) അക്രഡിറ്റേഷൻ ലഭിച്ചു. ലൈഫ്സെല്ലിന്റെ ഐ എസ് ഒ 15189:2007 ഗുണമേന്മാ അംഗീകാരമുള്ള ലാബുകളുടെ മികച്ച കാര്യക്ഷമത കണക്കിലെടുത്താണ് എൻ എ ബി എല്ലിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്.എൻ എ ബി എൽ അക്രഡിറ്റേഷൻ ലഭിച്ച രാജ്യത്തെ ഏക പൊക്കിൾ കൊടി രക്തമൂല കോശ ബാങ്കാണ് ലൈഫ്സെൽ ഇന്റർനാഷണലെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ മയൂർ അഭയ പറഞ്ഞു. രണ്ട് വർഷമാണ് അക്രഡിറ്റേഷന്റെ കാലാവധി.അമേരിക്കൻ അസോസിയേഷൻ ഓഫ് ബ്ലഡ് ബാങ്ക്സിന്റേയും കോളേജ് ഓഫ് അമേരിക്കൻ പത്തോളജിസ്റ്റ്സിന്റെയും അംഗീകാരം ലൈഫ് സെൽ ഇന്റർനാഷണലിന് നേരത്തെ ലഭിച്ചിട്ടുണ്ട്.